**Desabhimani**
**24 July 2018**
**Kollam, Alappuzha, Kottayam, Monsoon, Flood Relief, Relief Work**

# കാലവർഷക്കെടുതി: നാടൊന്നാകെ രംഗത്തിറങ്ങണം- മുഖ്യമന്ത്രി

**കൊല്ലം**

ആലപ്പുഴ, കോട്ടയം ജില്ലകളിൽ വെള്ളപ്പൊക്കക്കെടുതി നേരിടുന്നവർക്ക് സഹായമെത്തിക്കാൻ നാടൊന്നാകെ രംഗത്തിറങ്ങണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ദുരിതാശ്വാസപ്രവർത്തനങ്ങളുടെ ഏകോപനത്തിന് കൊല്ലം കലക്ടറേറ്റിൽ നടത്തിയ വീഡിയോ കോൺഫറൻസിങ്ങിൽ നിർദേശങ്ങൾ നൽകുകയായിരുന്നു അദ്ദേഹം.

സമീപകാലത്തെ ഏറ്റവും വലിയ പ്രകൃതിക്ഷോഭമാണ് സംസ്ഥാനത്തുണ്ടായത്. ദുരിതാശ്വാസപ്രവർത്തനങ്ങൾ നല്ലനിലയിൽ നിർവഹിക്കാനായിട്ടുണ്ട്. ക്യാമ്പുകളിൽ കഴിയുന്നവർക്കും വീടുകളിൽ തുടരുന്നവർക്കും ആവശ്യമായ സഹായം എത്തിക്കും. ഇതുവരെയുള്ള പ്രവർത്തനങ്ങളിൽ തദ്ദേശസ്ഥാപനങ്ങളും സന്നദ്ധപ്രവർത്തകരും പ്രസ്ഥാനങ്ങളും മാതൃകാപരമായ പങ്കാണ് വഹിച്ചത്. തുടർന്നും ഈ സഹകരണം ഉറപ്പാക്കാനാകണം. ക്യാമ്പുകളിൽ ഭക്ഷണവും ശുദ്ധജലവും മുടങ്ങുന്നില്ലെന്ന് ഉറപ്പാക്കണം. കുട്ടനാട്ടിലെ ക്യാമ്പുകളിൽ ഹോർട്ടികോർപ് പച്ചക്കറി എത്തിക്കണം. ശുദ്ധജലം വലിയ കുപ്പികളിലും ജാറുകളിലുമാക്കി വള്ളങ്ങളിൽ ദുരിതബാധിതർക്ക് എത്തിക്കാൻ കലക്ടർമാർ വാട്ടർ അതോറിറ്റിയെ ചുമതലപ്പെടുത്തണം. വെള്ളം ഇറങ്ങി, സാധാരണ നിലയിൽ എത്തുന്നതുവരെ ഇത് തുടരണം. ക്യാമ്പുകളിലെത്താതെ വീടുകളിൽ കഴിയുന്നവർക്കും ആവശ്യമെങ്കിൽ ഭക്ഷണവും വെള്ളവും ഉറപ്പാക്കണം.

വെള്ളം ഇറങ്ങുമ്പോൾ പകർച്ചവ്യാധി വ്യാപിക്കാതിരിക്കാൻ ജാഗ്രത വേണം. ശുചീകരണത്തിന് നാടാകെ ഒന്നിച്ചിറങ്ങണം. വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്ക് ചുമതല നൽകണം. ശുചീകരണം കൃത്യമായി നടക്കുന്നു എന്നും ഉറപ്പാക്കണം. എല്ലായിടത്തും ഡോക്ടർമാരുടെ സേവനവും ആവശ്യത്തിന് മരുന്നും ഉണ്ടാകണം. ക്യാമ്പുകളിൽ മതിയായ ടോയ്‌ലറ്റ് സൗകര്യവും കുട്ടനാട്ടിൽ ബയോ ടോയ്‌ലെറ്റുകളും സജ്ജമാക്കണം.

രണ്ടോ അതിലധികമോ ദിവസം വീട്ടിൽ വെള്ളം കെട്ടിനിന്നവർക്ക് 3800 രൂപ നൽകാൻ സർക്കാർ ഉത്തരവായി. കലക്ടർമാർ മുൻകൈ എടുത്ത് ഈ തുക ചൊവ്വാഴ്ചയ്ക്കകം കൊടുത്തുതീർക്കണം.

പാഠപുസ്തകം നഷ്ടപ്പെട്ട വിദ്യാർഥികൾക്ക് സ്കൂളിൽനിന്ന് അവ നൽകണം. പെൻഷൻ ലഭിക്കുന്നവർക്ക് ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ട സമയമാണിത്. ആലപ്പുഴയിലും കോട്ടയത്തും ഇതിനുള്ള സമയപരിധി നീട്ടിക്കൊടുക്കാം. ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ലെങ്കിലും ബുദ്ധിമുട്ടുണ്ടാകരുത്. കുട്ടനാട്ടിലെ മാവേലി സ്റ്റോറുകളിൽ അവശ്യസാധനങ്ങൾ കൃത്യമായി എത്തുന്നു എന്ന് ഉറപ്പാക്കണം. ക്യാമ്പുകളിൽ കഴിയുന്നവർക്ക് അംഗീകൃത കമ്പനികളുടെ പാക്കറ്റ് പാലോ മറ്റ് സ്ഥലങ്ങളിലെ സൊസൈറ്റികളിൽനിന്നുള്ള പാലോ എത്തിച്ചുനൽകാം.

ക്യാമ്പുകളിലും വീടുകളിലുമുള്ള കന്നുകാലികൾക്ക് തീറ്റ എത്തിക്കുന്നതിന് മൃഗസംരക്ഷണവകുപ്പ് നടപടി സ്വീകരിക്കണമെന്നും മുഖ്യമന്ത്രി നിർദേശിച്ചു. വെള്ളപ്പൊക്കം ബാധിച്ച മേഖലകളിൽ ആവശ്യത്തിന് പാചകവാതക സിലിണ്ടറുകൾ എത്തിക്കാൻ പാചകവാതക കമ്പനികളുമായി ബന്ധപ്പെട്ട് ക്രമീകരണം ഏർപ്പെടുത്തണമെന്ന് മുഖ്യമന്ത്രി ചീഫ് സെക്രട്ടറിക്ക് നിർദേശം നൽകി.

കൊല്ലത്ത് മന്ത്രി കെ രാജു, ആലപ്പുഴയിൽ മന്ത്രി ജി സുധാകരൻ, തിരുവനന്തപുരത്ത് മന്ത്രി ഇ ചന്ദ്രശേഖരൻ എന്നിവർ വീഡിയോ കോൺഫറൻസിങ്ങിൽ പങ്കെടുത്തു. ചീഫ് സെക്രട്ടറി ടോം ജോസ്, മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി എം വി ജയരാജൻ, ചീഫ് പ്രിൻസിപ്പൽ സെക്രട്ടറി നളിനി നെറ്റോ, ഭക്ഷ്യവകുപ്പ് സെക്രട്ടറി മിനി ആന്റണി എന്നിവർ തിരുവനന്തപുരത്തും അഡീഷണൽ ചീഫ് സെക്രട്ടറി പി എച്ച് കുര്യൻ, മുഖ്യമന്ത്രിയുടെ സെക്രട്ടറി എം ശിവശങ്കർ, കേരള സ്റ്റേറ്റ് എമർജൻസി ഓപ്പറേഷൻ സെന്റർ മേധാവി ശേഖർ കുര്യാക്കോസ്, കലക്ടർ എസ് കാർത്തികേയൻ, സബ് കലക്ടർ ചിത്ര എന്നിവർ കൊല്ലത്ത് മുഖ്യമന്ത്രിയോടൊപ്പവും കലക്ടർമാരായ ബി എസ് തിരുമേനി കോട്ടയത്തും എസ് സുഹാസ് ആലപ്പുഴയിലും പങ്കെടുത്തു.

സംസ്ഥാനത്ത് മഴക്കെടുതിയെത്തുടർന്ന് ദുരിതാശ്വാസ പ്രവർത്തനങ്ങൾ നന്നായി നടക്കുന്നുവെന്ന് മുഖ്യമന്ത്രി കൊല്ലത്ത് മാധ്യമ പ്രവർത്തകരോട് പറഞ്ഞു. കെടുതി അനുഭവിച്ചവരെ സഹായിക്കുന്നതിനുള്ള മാനദണ്ഡം സംബന്ധിച്ച് കേന്ദ്രം പറയുന്ന കാര്യങ്ങൾ നടക്കുമോ എന്ന് നോക്കാം. എല്ലാം പോസിറ്റീവായി കാണണമെന്നും മുഖ്യമന്ത്രി പറഞ്ഞു.